# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

**നമ്പർ: 13/ബി/2015/സം.തി.ക.** **തീയതി : 20.10.2015.**

## സർക്കുലർ

**വിഷയം:–** സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ-പൊതു തിരഞ്ഞെടുപ്പ് 2015-പോളിംഗ് സാധനങ്ങളുടെ വിതരണവും തിരികെ വാങ്ങലും - മാർഗ്ഗ നിർദ്ദേശങ്ങൾ-സംബന്ധിച്ച്.

### പശ്ചാത്തല സൗകര്യം ഒരുക്കൽ

- പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് സാധനങ്ങൾ വിതരണം ചെയ്യുന്നതിനും തിരികെ വാങ്ങുന്നതിനുമുള്ള ചുമതല ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും, നഗരസഭകളെ സംബന്ധിച്ച് ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കുമാണ്. കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള വിതരണ, സ്വീകരണ കേന്ദ്രങ്ങളിലൂടെ വേണം ഇവ വിതരണം ചെയ്യേണ്ടതും തിരികെ വാങ്ങേണ്ടതും.
- ഇത്തരത്തിൽ നിശ്ചയിച്ചിട്ടുള്ള സ്വീകരണ വിതരണ വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, കുടിവെള്ളം, ടോയ്‌ലറ്റ്, ഫർണിച്ചർ മുതലായവ ലഭ്യമാണെന്ന് 27/10/2015-ന് മുമ്പ് മേൽപ്പറഞ്ഞ ചുമതലയുള്ളവർ ഉറപ്പാക്കണം. വൈദ്യുതി, കുടിവെള്ളം, തുടങ്ങിയവ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (KSEB), കേരള വാട്ടർ അതോറിറ്റി (KWA) തുടങ്ങിയവയുടെ സഹകരണത്തോടെ വേണം പരിശോധിക്കേണ്ടത്. ഏത് അടിയന്തിര ഘട്ടത്തിലും ഈ ആവശ്യങ്ങൾക്ക് പ്രസ്തുത വകുപ്പുകളുടെ സേവനം ലഭ്യമാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- വൈദ്യുതി വിതരണത്തിന് ജനറേറ്റർ സംവിധാനവും ലൈറ്റിംഗ് & സൗണ്ട് സിസ്റ്റവും പി.ഡബ്ല്യു.ഡി മുഖേന, ഒക്ടോബർ 27-ാം തീയതി മുതൽ വോട്ടെണ്ണൽ പൂർത്തിയാകുന്നത് വരെ ഏർപ്പെടുത്തേണ്ടതാണ്.
- ഏറ്റവും സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ വേണം സ്ട്രോംഗ് റൂം-ന് വേണ്ടി നിശ്ചയിക്കേണ്ടത്. ഇവയുടെ സുരക്ഷിതത്വത്തിന് അനിവാര്യമായ മരാമത്ത് പണികൾ പി.ഡബ്ല്യു.ഡി മുഖേന വേണം നടത്തേണ്ടത്.
- ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിൽ കാൻഡിഡേറ്റ് സെറ്റിംഗ് നടത്തുന്നതിന് ഹാളുകളിൽ മതിയായ സൗകര്യങ്ങൾ മുൻകൂട്ടി ഒരുക്കേണ്ടതാണ്. കൂടാതെ, പോളിംഗ് സാധനങ്ങളുടെ വിതരണത്തിനും തിരികെ വാങ്ങുന്നതിനും 10 പോളിംഗ് സ്റ്റേഷനുകൾക്ക് ഒരു കൗണ്ടർ എന്ന നിലയ്ക്ക് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. ഇത്തരം ഹാളുകൾ ആവശ്യമെങ്കിൽ പിന്നീട് കൗണ്ടിംഗ് ഹാളുകളായും ഉപയോഗിക്കണം.

### മറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾ

- നവംബർ 2-ാം തീയതി തിരഞ്ഞെടുപ്പ് നടക്കുന്ന തിരുവനന്തപുരം, കൊല്ലം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിൽ, ഓരോ ബ്ലോക്ക് പഞ്ചായത്തിന്റേയും പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളുടെ പോളിംഗ് ആവശ്യത്തി

നുള്ള ഫാറങ്ങൾ, രജിസ്റ്ററുകൾ, സ്റ്റേഷനറി സാധനങ്ങൾ മറ്റ് തിരഞ്ഞെടുപ്പ് സാമഗ്രികൾ എന്നിവ ജില്ലാ കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ച് സ്വീകരണ, വിതരണ കേന്ദ്രങ്ങളിൽ എത്തിയ്ക്കേണ്ടതും ഒക്ടോബർ 27, 28, 29 എന്നീ ദിവസങ്ങളിൽ അവ ഓരോ പോളിംഗ് സ്റ്റേഷനും വേണ്ടി പ്രത്യേകം പായ്ക്ക് ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്.

- ഒക്ടോബർ 28, 29 ദിവസങ്ങളിൽ ജില്ലാ കേന്ദ്രങ്ങളിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ ആ ബ്ലോക്ക് പ്രദേശത്ത് മൊത്തം ആവശ്യമുള്ള ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ(1 കൺട്രോൾ യൂണിറ്റ് + 3 ബാലറ്റ് യൂണിറ്റ് വീതം) ശേഖരിക്കേണ്ടതും അവ വിതരണ കേന്ദ്രത്തിൽ സൂക്ഷിക്കേണ്ടതുമാണ്.
- പ്രസ്തുത ബ്ലോക്ക് പ്രദേശത്തുള്ള എല്ലാ ഗ്രാമപഞ്ചായത്ത് റിട്ടേണിംഗ് ഓഫീസർമാർക്കും 30.10.2015-ന് രാവിലെ തന്നെ അവ വിതരണം ചെയ്യേണ്ടതും അന്നേ ദിവസം ആ കേന്ദ്രത്തിൽ വച്ച് റിട്ടേണിംഗ് ഓഫീസറുടെ നേതൃത്വത്തിൽ കാൻഡിഡേറ്റ് സെറ്റിംഗ് നടത്തേണ്ടതുമാണ്.
- അന്നേ ദിവസം അവ പൂർത്തിയാകുന്ന മുറക്ക് അതാത് വരണാധികാരികളുടെ മേൽ നോട്ടത്തിൽ ആ കേന്ദ്രത്തിലെ സ്ട്രോങ്ങ് റൂമുകളിൽ അവ സൂക്ഷിക്കേണ്ടതാണ്.
- പോളിംഗ് സാധനങ്ങളുടെ വിതരണ ദിവസം (നവംബർ 1) പോളിംഗ് സാധനങ്ങളും ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളും ഓരോ വിതരണ കൗണ്ടറിലും ലഭ്യമാക്കേണ്ടതും കൗണ്ടറിലൂടെ അവ പോളിംഗ് ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യേണ്ടതുമാണ്.
- നവംബർ 5-ാം തീയതി തിരഞ്ഞെടുപ്പ് നടക്കുന്ന മറ്റ് ജില്ലകളിൽ ചുവടെ ചേർക്കും വിധമാണ് സമയക്രമം പാലിക്കേണ്ടത്.

| | | |
|---|---|---|
| 1. പോളിംഗ് സാധനങ്ങൾ കളക്ടറേറ്റിൽ നിന്നും ശേഖരിച്ച് ഓരോ ബൂത്തിലേയ്ക്ക് പായ്ക്ക് ചെയ്യേണ്ടത് | - | ഒക്ടോബർ 30, 31 & നവംബർ 1 |
| 2. ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ കളക്ട്രേറ്റിൽ നിന്നും ശേഖരിച്ച് വിതരണ കേന്ദ്രത്തിൽ സൂക്ഷിക്കുന്നത് | - | നവംബർ 1, 2 |
| 3. കാൻഡിഡേറ്റ് സെറ്റിംഗ് നടത്തുന്നത് | - | നവംബർ 2 |
| 4. പോളിംഗ് ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യൽ | - | നവംബർ 4 |

- പോളിംഗ് ഉദ്യോഗസ്ഥരേയും പോളിംഗ് സാധനങ്ങളും കൊണ്ടുപോകുന്നതിനും പോളിംഗിന് ശേഷം തിരികെ കൊണ്ടു വരുന്നതിനുമുള്ള വാഹന സൗകര്യം അതാത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ ജില്ലാ കളക്ടർ മുഖേന ഏർപ്പെടുത്തണം.
- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ പോളിംഗ് ഉദ്യോഗസ്ഥർക്ക് നൽകേണ്ട പ്രതിഫല തുക മുൻകൂട്ടി ട്രഷറിയിൽ നിന്നും മാറി, പോളിംഗ് സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തന്നെ പോളിംഗ് ഉദ്യോഗസ്ഥർക്ക് നൽകേണ്ടതും അവയുടെ അക്വിറ്റൻസ് പോളിംഗിന് ശേഷം വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.
- ബ്ലോക്ക് പഞ്ചായത്തു സെക്രട്ടറിമാരുടെതായി മുകളിൽ പരാമർശിച്ച ചുമതലകൾ നഗരസഭകളെ സംബന്ധിച്ച് അതാത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ നിർവ്വഹി-ക്കേണ്ടതാണ്.പോളിംഗിന് ശേഷം തിരികെ കൊണ്ടുവരുന്ന സാധനങ്ങൾ മേൽപ്പറഞ്ഞ കൗണ്ടറുകളിലൂടെ തിരികെ വാങ്ങി അതാത് റിട്ടേണിംഗ് ഓഫീസർമാരുടെ സുരക്ഷിത സൂക്ഷിപ്പിൽ വയ്ക്കേണ്ടതാണ്.
- പോളിംഗ് ഡ്യൂട്ടിക്ക് ഉപയോഗിക്കുന്ന വാഹനങ്ങളുടെ വാടകയും വിതരണം ചെയ്ത് രേഖകൾ സൂക്ഷിക്കേണ്ടതാണ്.

- സ്വീകരണ വിതരണ കേന്ദ്രങ്ങളിലേയ്ക്ക് ആവശ്യമായ സ്റ്റാഫിനേയും വാഹനങ്ങളിലേയ്ക്കുള്ള ഗൈഡിനേയും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുൻകൂട്ടി നിയമിക്കേണ്ടതാണ്.
- സ്വീകരണ വിതരണ വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ മതിയായ പോലീസ് സംരക്ഷണം ജില്ലാ പോലീസ് ചീഫുമായി ബന്ധപ്പെട്ട് ഉറപ്പാക്കേണ്ടതാണ്.
- പ്രസ്തുത കേന്ദ്രങ്ങളിൽ ഏത് അടിയന്തിര സാഹചര്യത്തിലും ഉപയോഗിക്കത്തക്ക വിധം ഫയർ & റെസ്ക്യൂ വകുപ്പിന്റെ സേവനവും ലഭ്യമാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- മേൽപ്പറഞ്ഞപ്രകാരം പോളിംഗ് സാധനങ്ങൾ വിതരണം നടത്തുമ്പോഴും അവ തിരികെ വാങ്ങുമ്പോഴും പോളിംഗ് ഉദ്യോഗസ്ഥർക്ക് യാതൊരുവിധ അസൗകര്യവും ഉണ്ടാകാതെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**പി. ഗീത**
**സെക്രട്ടറി**

എല്ലാ വരണാധികാരികൾക്കും.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും.

പകർപ്പ്:-

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും.
എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും.
എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
പബ്ലിക് റിലേഷൻസ് ഓഫീസർ
കമ്പ്യൂട്ടർ പ്രോഗ്രാമർ
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

അംഗീകാരത്തോടെ,

**ഒപ്പ്**

സെക്ഷൻ ഓഫീസർ